ഗവ.എൽ.പി.എസ്.നല്ലൂർവട്ടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ജ്വലനം



2025-26

# ജ്വലനം

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ് നല്ലൂർവട്ടം
ഉപജില്ല : പാറശ്ശാല
വിദ്യാഭ്യാസജില്ല : നെയ്യാറ്റിൻകര
റവന്യൂജില്ല : തിരുവനന്തപുരം
സ്ഥാപിതം : 1898

# ഉള്ളടക്കം


* ആമുഖം
* വിദ്യാലയ ചരിത്രം
* അടിസ്ഥാന വിവരങ്ങൾ
* കാഴ്ച പ്പാട്
* പൊതു ലക്ഷ്യങ്ങൾ
* പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ
* അധ്യാപകർ- നിലവിലെ അവസ്ഥ 2025- 26
* നിലവിലെ അവസ്ഥ - പരിമിതികൾ
* അക്കാദമിക നേട്ടങ്ങൾ
* 2025 - 26 അധ്യയന വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത തനത് പ്രവർത്തനം
* അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ പദ്ധതി 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലെത്തിക്കുക. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിനായി ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും സമഗ്രമായ അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രവും ആസൂത്രിതവുമായ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# വിദ്യാലയ ചരിത്രം

കുളത്തൂർ വില്ലേജിൽ കുളത്തൂർ പഞ്ചായത്തിൽ പെട്ടതാണ് നല്ലൂർ വട്ടം ഗവ. എൽ. പി. സ്കൂൾ. തിരുവനന്തപുരം റവന്യൂ ജില്ലയിലും നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലും പാറശ്ശാല ഉപജില്ലയിലും ഉൾപ്പെട്ടതാണ് പ്രസ്തുത സ്കൂൾ.

1898-ൽ ശ്രീ. രാമൻപിള്ള സാർ ഒരു പള്ളിക്കൂടം സ്ഥാപിക്കുന്നതിന് സ്ഥലം നൽകി ഒരു കുടി പള്ളിക്കൂടമായി ആരംഭിച്ചു. ഓല ഷെഡിലാണ് സ്കൂൾ നടത്തിയിരുന്നത്. 1958-ന ശേഷം ഇന്നു നിലവിലുള്ള കെട്ടിടം പണിതു. മാനേജരായി ശ്രീ. കൊച്ചു കൃഷ്ണ പിള്ള സാറിന്റെ ഭാര്യയും ശ്രീ. കൊച്ചു കൃഷ്ണപിള്ള സാർ ഹെഡ് മാസ്റ്ററായും ജോലി നോക്കി. മാനേജർ ഗ്രാന്റിൽ നിന്ന് വിഹിതം അധ്യാപകർക്കും കൊടുത്തിരുന്നു. മാനേജർക്ക് സ്കൂൾ നടത്തി കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ശ്രീ. പട്ടം താണുപിള്ള സാർ മുഖ്യ മന്ത്രിയായിരുന്നപ്പോൾ മാനേജ്മെന്റ് സ്കൂളുകൾ ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്ത് സർക്കാർ ഏറ്റെടുത്തു. 1958-ൽ ശ്രീ. ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ

കാലങ്ങൾ ജീർണിച്ച ഓല ഷെഡ് മാറ്റി ഓടിട്ട കെട്ടിടം പണിതു. ഷീറ്റിട്ട മേൽക്കൂര ക്ലാസ്സും പരിസരവും ടൈൽ പാകി വൃത്തിയാക്കി. ഉച്ചഭക്ഷണം കഴിക്കാനുള്ള സ്ഥലം, ചുറ്റുമതിൽ മുതലായവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തിൽ നമ്മുടെ സ്കൂളിൽ ഒരുക്കി. ഇതിലൂടെ സ്കൂളിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ സാ

ഇപ്പോൾ 50 കുട്ടികളും 4 അധ്യാപകരും ഒരു . പി. ടി. സി. എം ഉം ഈ സ്കൂളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഗ്രാമ പഞ്ചായത്ത്, എസ്. എസ്. എ, പൂർവ്വ വിദ്യാർത്ഥികൾ, വിവിധ സംഘടനകൾ എന്നിവരുടെ സഹകരണത്താൽ സ്കൂൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. പാഠ്യ പാഠ്യേതര മേഖലകളിൽ ശരാശരി നിലവാരം പുലർത്തുന്നു. ഭൂരിഭാഗം കുട്ടികളും സാമ്പത്തിക പരമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്നുള്ളവരാണ്. കുട്ടികളുടെയും സമൂഹത്തിന്റെയും ശ്രദ്ധയെ ആകർഷിക്കത്തക്ക സ്കൂൾ - ക്ലാസ്സ് അന്തരീക്ഷത്തിന്റെ അഭാവം സ്മാർട്ട് ക്ലാസ്സ്‌റൂം, സ്കൂൾ ബസ്സ്, ചുറ്റുമതിൽ പുതിയ കെട്ടിടം തുടങ്ങി നിരവധി സൗകര്യങ്ങൾ ഇനിയും പൂർത്തിയാക്കേണ്ടതുണ്ട്.

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ് നല്ലൂർവട്ടം

വിദ്യാഭ്യാസ ഉപജില്ല : പാറശ്ശാല

പഞ്ചായത്ത് : കുളത്തൂർ

ബ്ലോക്ക് പഞ്ചായത്ത് : പാറശ്ശാല

ജില്ല : തിരുവനന്തപുരം

വിദ്യാഭ്യാസജില്ല : നെയ്യാറ്റിൻകര.

ബി. ആർ. സി : പാറശ്ശാല

പ്രഥമ അധ്യാപിക : ശ്രീമതി. ഓമന. എം

ഫോൺ : 7904221192/
9790539994

ഇ. മെയിൽ ഐ. ഡി : Omana Satheesh 1972@gmail.com

പിൻകോഡ് : 695122

# കാഴ്ചപ്പാട്

## വിദ്യാലയം മികവിന്റെ കേന്ദ്രം

* നാലാം ക്ലാസ്സ് കഴിയുന്ന കുട്ടി മാതൃഭാഷ തെറ്റു കൂടാതെ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടിയിരിക്കും.
* ചതുഷ്ക്രിയകൾ ശരിയായി ഉപയോഗിക്കാനുള്ള കഴിവ്
* കാർഷിക സംസ്കാരത്തെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്ന കുട്ടികൾ
* കഴിയുന്നത്ര പൊതു വിജ്ഞാനം നേടൽ
* ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഉന്നത നിലവാരം ഉറപ്പാക്കൽ
* IT അധിഷ്ഠിത വിദ്യാഭ്യാസം
* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
* പഠനത്തിൽ മാത്രമല്ല ജീവിതത്തിലും മികവ് നേടാൻ സഹായകരമായ രീതിയിൽ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവവേദ്യമാക്കുന്ന രീതിയിൽ പഠനാന്തരീക്ഷം ഒരുക്കൽ.
* നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ തന്ത്രങ്ങളിലൂടെ വിലയിരുത്തി പരിഹാര

ബോധനപ്രക്രിയയിലൂടെ ഉന്നത നിലവാരത്തിലെത്തിക്കൽ

* കുട്ടികളുടെ അക്കാദമിക കാര്യങ്ങളിൽ രക്ഷിതാക്കളുടെ പരിപൂർണ്ണ പിന്തുണ ഉറപ്പാക്കൽ
* വികസന മേഖലകൾക്ക് ഊന്നൽ നൽകിയുള്ള പഠനം ഉറപ്പിക്കൽ

# പൊതു ലക്ഷ്യങ്ങൾ

- ഈ വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽനേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
- നാലാം ക്ലാസ്സിൽ എത്തുന്ന കുട്ടികൾക്ക് മാതൃഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനും അതോടൊപ്പം ഇംഗ്ലീഷിനും ആശയ വിനിമയം നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കുക
- ജൈവ കൃഷിയിലൂടെ കാർഷിക സംസ്കാരം വളർത്തിയെടുക്കുക
- പ്ലാസ്റ്റിക് - ലഹരി മുക്ത വിദ്യാലയം.
- പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്ത് ഇടപെടുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുക. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

- ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കുന്നതിന് കായിക പരിശീലനവും അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഉറപ്പ് വരുത്തുക.
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കു വയ്ക്കും.
- ശാസ്ത്ര സാങ്കേതിക വിദ്യകളിൽ ലബ്ധമായ വിജ്ഞാനം ഉൾക്കൊണ്ട് അതിനനുസരിച്ച് പരിശീലനം നൽകും.
- വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുകയും അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യും.
- സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കും.
- പരിസ്ഥിതി അവബോധം, സാമൂഹിക അവബോധം, മലിന്യ നിർമ്മാർജ്ജന അവബോധം, ശാസ്ത്രബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.
- സ്കൂളും പരിസരവും പാഠപുസ്തകമാക്കി മാറ്റുക
- എല്ലാ ക്ലാസ്സ്മുറികളും ഹൈ - ടെക്ക് ആക്കുക

- സ്കൂളിന്റെ ഭൗതിക സൗകര്യം കൂട്ടുന്നതിൽ മെച്ചപ്പെടുത്തുക, ആകർഷകമാക്കുക.

# പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

* ഓരോ ക്ലാസ്സിലും ഉള്ള പഠന നേട്ടങ്ങൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തൽ
* സമയബന്ധിത പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ഉന്നത നിലവാരത്തിലെത്തിക്കുക
* പഠനത്തിനും വികാസത്തിനും എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഒരുക്കുക
* മികച്ച മാനസിക - ശാരീരിക - വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുക.
* മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക
* വിദ്യാലയ പ്രവർത്തനങ്ങൾക്ക് ഇണങ്ങിയ സംവിധാനങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുക.
* വികാസ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ വഴി ഭാഷാവികാസം, വൈജ്ഞാനിക വികാസം, ശാരീരിക-ചാലക വികാസം, സർഗ്ഗാത്മക വികാസം, സാമൂഹിക-വൈകാരിക വികാസം എന്നിവ ഉറപ്പുവരുത്തുക.

## അധ്യാപകർ നിലവിലെ അവസ്ഥ 2025-2026

എണ്ണം

| വിഭാഗം | ആൺ | പെൺ | സ്ഥിരാധ്യാപകർ |
|---|---|---|---|
| പ്രധാനാധ്യാപിക | – | 1 | 1 |
| LPST | 2 | 1 | 3 |
| ആകെ | 2 | 2 | 4 |

2025-2026 അക്കാദമിക വർഷത്തിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| Std: I | 8 | 5 | 13 |
| Std: II | 7 | 5 | 12 |
| Std: III | 6 | 7 | 13 |
| Std: IV | 6 | 6 | 12 |

# നിലവിലെ അവസ്ഥ - പരിമിതികൾ

## ഭൗതിക നേട്ടങ്ങൾ

ഉദ്ദേശം ഒരേക്കറോളം വിസ്തീർണ്ണമുള്ള സ്കൂളും പരിസരവും കുറച്ചു ഭാഗം ചുറ്റുമതിലുകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അല്പം മാറിയാണ് മനോഹരമായ പ്രീ-പ്രൈമറി കെട്ടിടം സ്ഥിതി ചെയ്യുന്നത്. പാർക്ക്, വൃത്തിയുള്ള ശുചിമുറികൾ, പാചകപ്പുര, ജൈവ വൈവിധ്യമാർന്ന പരിസരം, അടുക്കളത്തോട്ടം, കമ്പ്യൂട്ടർ റൂം, സി. ആർ. സി. കെട്ടിടം, ഡൈനിംഗ് ഹാൾ, നാല് ക്ലാസ്സ് മുറികൾ എന്നിവയാൽ സമ്പുഷ്ടമാണ് ഈ വിദ്യാലയം. ഈ വിദ്യാലയം വളർച്ചയുടെയും തളർച്ചയുടെയും ഉയിർത്തെഴുന്നേല്പിന്റെയും പാതകൾ പിന്നിട്ട് മികവിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. മലയാളം ബോധന മാധ്യമമായ ഈ സ്കൂളിൽ പ്രീ- പ്രൈമറി, എൽ. പി. എന്നീ വിഭാഗങ്ങളിലായി 88 കുട്ടികളും പ്രധാനാധ്യാപിക ഉൾപ്പെടെ 4 പ്രൈമറി അധ്യാപകർ, ഒരു പി. ടി. സി. എം. രണ്ടു പ്രീ- പ്രൈമറി അധ്യാപിക ഒരു ആയ, ഒരു പാചക തൊഴിലാളി എന്നിവർ ഒത്തൊരുമയോടെ മികവിന്റെ തേര് തെളിയിക്കുന്നു.

# അക്കാദമികം - നേട്ടങ്ങൾ

അക്കാദമിക നിലവാരം ഉയർത്തു
ന്നതിനു വേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായി
80% കുട്ടികൾ എ ഗ്രേഡും 15% കുട്ടികൾ ബി ഗ്രേഡും
5% കുട്ടികൾ സി ഗ്രേഡും നേടി. നിരന്തര വിലയി
രുത്തൽ, ടേം വിലയിരുത്തൽ ഇവയിലൂടെ
കുട്ടികളുടെ നിലവാരം ഉയർത്തി വിലയിരുത്തി
വേണ്ട തുടർ പ്രവർത്തനങ്ങൾ നൽകുകയും
ചെയ്യുന്നു. ICT സാധ്യത ഉപയോഗിച്ചുള്ള
പഠനം പഠനേട്ടം കൈവരിക്കാനും
കുട്ടികളിൽ പഠനത്തോട് താത്പര്യം
വളർത്താനും വളരെയേറെ സഹായിക്കുന്നു.
2025-2026 അധ്യയന വർഷത്തിലേക്ക്
എൽ. എസ്. എസ് സ്കോളർഷിപ്പിനുവേണ്ടി
യുള്ള പഠനം പാഠഭാഗത്തോടൊപ്പം തുട
ങ്ങാനും തീരുമാനിച്ചു.

എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ
കൈകാര്യം ചെയ്യാനുള്ള ശേഷി വളർത്തിയെടു
ക്കാനുള്ള അവസരങ്ങൾ നൽകുന്നുണ്ട്.
ദിനാഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന
ക്വിസ്, പ്രസംഗം, കഥാകഥനം, ചിത്ര രചന,
പതിപ്പ്, ജീവചരിത്രക്കുറിപ്പ്, ചുമർപത്രിക.
കഥാപാത്രാവിഷ്കാരം തുടങ്ങിയ വിവിധ

ഇത്തരങ്ങൾ കുട്ടികളുടെ സർഗ്ഗ വാസനകളെ വളർത്താനും ആനുകാലിക പൊതുവിജ്ഞാനം നേടാനും പര്യാപ്തമാകുന്നു.

## അക്കാദമികം. പരിമിതികൾ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുമായ രക്ഷിതാക്കളും ആരോഗ്യപരമല്ലാത്ത കുടുംബാന്തരീക്ഷം എന്നിവയും അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കുന്നു.

## ഭൗതിക പരിമിതികൾ

സ്കൂളിന് സ്വന്തമായി വാഹനം ഇല്ലാത്തത്, ക്ലാസ്സ് മുറികളുടെ അപര്യാപ്തത, അത്യാധുനിക സൗകര്യമുള്ള അടുക്കളയുടെ അഭാവം, സ്മാർട്ട് റൂം, ലാബ്, ലൈബ്രറി, റീഡിംഗ് റൂം എന്നിവയുടെ കുറവ് നിലവിലുണ്ട്.

# 2025 - 2026 അധ്യയന വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത തനത് പ്രവർത്തനം

## ആമുഖം

മാധ്യമങ്ങളുടെ അതിപ്രസരണം മൂലം വരിലും കുട്ടികളിലും വായനാശീലം കുറഞ്ഞു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. കുട്ടികളിൽ വായനാശീലം വളർത്തുകയും അതിലൂടെ അവരുടെ സർഗ്ഗാത്മകശേഷി വളർത്തുക. സാഹിത്യാഭിരുചി വളർത്തുക, പൊതുവിജ്ഞാനം നേടുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി കൊണ്ട് ഞങ്ങൾ ഏറ്റെടുത്ത പ്രവർത്തനമാണ് "വായനാ ച്ചങ്ങാതി"

## പ്രവർത്തന ലക്ഷ്യങ്ങൾ

* വായനയിൽ താല്പര്യം ജനിപ്പിക്കുക
* സാഹിത്യാഭിരുചി വളർത്തുക
* ഭാവനാ ശേഷി വളർത്തുക
* സർഗ്ഗാത്മക കഴിവ് വികസിപ്പിക്കുക
* സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുക
* സ്വതന്ത്ര ചിന്തകൾ വളരാൻ ചുറ്റുപാടുകൾ ഒരുക്കുക.
* പത്ര വായന പ്രോത്സാഹിപ്പിക്കുക.

* ആശയ വ്യക്തതയോടും ഒഴുക്കോടെയും ഉള്ള വായനാശീലം വളർത്തുക
* ആശയ ഗ്രഹണ വായനയ്ക്ക് പ്രാധാന്യം നൽകുക
* ശ്രാവ്യ വായനയെ പ്രോത്സാഹിപ്പിക്കുക. വഴി അക്ഷര സ്ഫുടത, ഭാവാത്മകത, ശബ്ദവ്യതിയാനം എന്നിവയോടു കൂടിയ വായന പ്രോത്സാഹിപ്പിക്കുക
* വായിച്ച കാര്യങ്ങൾ കുറിപ്പുകൾ, പദങ്ങളുടെ അർത്ഥം കണ്ടെത്തൽ, ആസ്വാദനക്കുറിപ്പുകൾ എന്നീ രൂപങ്ങളിലാക്കി. സൂക്ഷിക്കുന്ന സ്വഭാവം വികസിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# നിർവഹണ പദ്ധതി 2025-2026
## ഗവ. എൽ.പി. എസ് നല്ലൂർവട്ടം

വിഭാഗം : എൽ.പി.

വിഷയം : ഭാഷ

പ്രവർത്തന പരിപാടിയുടെ പേര്

"വായനാച്ചങ്ങാതി"

മേഖല : ഭാഷാനൈപുണി.

**പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ**

* കുട്ടിയുടെ വായനാപരമായ കഴിവ് വികസിപ്പിക്കുക
* തെറ്റ് കൂടാതെ വായിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ
* തെറ്റ് കൂടാതെയും, ആശയ ഗ്രഹണത്തോടും വായിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കൽ
* തെറ്റ് കൂടാതെ സ്വന്തം ആശയങ്ങൾ എഴുതുന്നതിന്
* വായനയോടുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിന്.

# അവസ്ഥാ പഠനം

ചിഹ്നങ്ങൾ ചേർത്ത് ആശയ ഗ്രഹണത്തോടും ഒഴുക്കോടെയും വായിക്കേണ്ടതുണ്ട്. രക്ഷിതാക്കളുടെ പഠനത്തിലുള്ള പിന്നോക്കാവസ്ഥ കാരണം ഉച്ചാരണത്തോടു കൂടിയ വായനയ്ക്കും എഴുത്തിനും ശരിയായ പിന്തുണ വീടുകളിൽ നിന്നും ലഭിക്കുന്നില്ല.

| ക്രമ നമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തനഘട്ടങ്ങൾ | നിർവഹണ കാലയളവ് | പ്രതീക്ഷിക്കുന്ന നേട്ടം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. | വായനാച്ചങ്ങാതി | ഘട്ടം: 1<br>നിർവഹണ പദ്ധതി<br>ഉദ്ഘാടനം<br>ഘട്ടം: 2<br>രക്ഷാകർതൃബോധവത്ക്കരണം<br>സ്കൂൾ ഒരു യൂണിറ്റായി എടുത്ത് ഈ പ്രവർത്തനം നടത്തുന്നു. ആദ്യം ക്ലാസ്സ് തലത്തിൽ അധ്യാപകർ പദ്ധതി നടപ്പിലാക്കുന്നു. ഓരോ കുട്ടികൾക്കും പ്രാധാന്യം കൊടുത്ത് പ്രത്യേക ശ്രദ്ധ നൽകുന്നു.<br>ഘട്ടം: 3<br>വായനാ കാർഡുകൾ, അക്ഷര കാർഡുകൾ, കളിക്കുടുക്ക, ലൈബ്രറി ബുക്കുകൾ | വർഷം മുഴുവൻ | വായനയിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്നതിന് | അധ്യാപകർ |

| ക്രമ നമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | പ്രതീക്ഷിത നേട്ടം | [illegible] സ്രോതസ്സ് |
|---|---|---|---|---|---|
| | | പത്രങ്ങൾ, ഡിക്ഷണറി തുടങ്ങി മറ്റുവായനാസാമഗ്രികൾ നൽകി വായനയെ പരിപോഷിപ്പിക്കുന്നു.<br><br>ഘട്ടം: 4<br>ഈ പരിപാടിയുടെ Feedback നടത്തുന്നു.<br><br>ഘട്ടം. 5<br>ഓരോ ക്ലാസ്സിലെയും കുട്ടികൾ തെറ്റ് കൂടാതെ പത്രങ്ങൾ [illegible] പഠനം, പുസ്തകങ്ങൾ വായിക്കുന്നത് ക്ലാസ്സ്, സ്കൂൾ ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുന്നു. | | വായന രസകരമായി അനുഭവപ്പെടുന്നു.<br>ആശയ ഗ്രഹണത്തോടെ അക്ഷരങ്ങളൊന്നും തെറ്റിലാതെ വായിക്കുന്നു.<br><br>ഉച്ചാരണ ശുദ്ധിയോടെ കുട്ടികൾ വായിക്കുന്നു.<br>എല്ലാകുട്ടികളും തെറ്റില്ലാതെ വായനയിലേക്ക് | |

| ക്രമ നമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തന ഘട്ടങ്ങൾ | പ്രവർത്തന കാലയളവ് | പ്രതീക്ഷിക്കുന്ന നേട്ടം | [illegible] രേഖകൾ |
|---|---|---|---|---|---|
| | | ഘട്ടം: 6<br>പ്രവർത്തനം വർഷാവസാനം വരെ തുടരുന്നു<br>ഘട്ടം: 7<br>കുട്ടികൾ ഒഴുക്കോടെയും ആശയഗ്രഹണത്തോടെയും, തെറ്റ് കൂടാതെയും, പൊതുവിജ്ഞാനം അവതരിപ്പിക്കൽ, പദ നിഘണ്ടു തയ്യാറാക്കൽ എന്നിവ പഠനോത്സവത്തിന് അവതരിപ്പിക്കുന്നു. | | ആശയഗ്രഹണത്തോടെ വായിച്ച് മറ്റു വ്യവഹാര രൂപത്തിൽ നാടകീയതയോടെ പങ്കെടുക്കുന്നതിന് | |

| ക്രമ നമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | പ്രതീക്ഷിക്കുന്ന നേട്ടം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 2. | "അറിവുണ്ടേൽ" | ഘട്ടം: 1<br>തിങ്കൾ, ബുധൻ, വെള്ളി എന്നി അസംബ്ലി ഉള്ള ദിവസങ്ങളിൽ പത്രത്തിൽ നിന്ന് മൂന്ന് ചോദ്യങ്ങൾ വീതം നൽകുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടെത്തുകയും ചെയ്യുന്നു. ഈ ചോദ്യോത്തരങ്ങൾ ഒരു ബുക്കിൽ രേഖപ്പെടുത്തുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം<br>വർഷം മുഴുവൻ | വായനയിൽ താൽപര്യം വർധിക്കുന്നു. | അധ്യാപകർ |
| | | ഘട്ടം: 2<br>വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു. ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സമ്മാനം നൽകുന്നു. | വർഷാവസാനം | | അധ്യാപകർ |

| ക്രമ നമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | പ്രതീക്ഷിക്കുന്ന നേട്ടം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 3 | "വായിക്കാം രസിക്കാം" | ഘട്ടം: 1<br>ഒന്ന്, രണ്ട് ക്ലാസ്സുകളിൽ അധ്യാപിക കഥ വായിച്ചു കേൾപ്പിക്കുന്നു.<br>മൂന്ന്, നാല് ക്ലാസ്സുകളിൽ വായിച്ച കഥ പറയുന്നു. പിന്നാക്കക്കാർക്ക് ചിത്രം നൽകി കഥ പറയിപ്പിക്കുന്നു.<br>ഘട്ടം: 2<br>ഒന്നാം ക്ലാസ്സിൽ മൂന്നാം ടേമിൽ സ്വന്തമായി കഥ വായിച്ച് പറയുന്നു.<br>രണ്ടാം ക്ലാസ്സിൽ രണ്ടാം ടേമിൽ സ്വന്തമായി കഥ വായിച്ചു പറയുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം<br>വർഷം മുഴുവൻ. | ശ്രവിച്ച കഥ അവതരിപ്പിക്കുന്നു.<br>ഭാഷണ ശേഷി വികസിപ്പിക്കുന്നതിന്. | |
| 4 | "പുസ്തകചർച്ച" | വായിച്ച പുസ്തകത്തിന്റെ ആശയം അസംബ്ലിയിലും ക്ലാസ്സിലും, ബാലസഭയിലും CPTA യിലും പങ്കിടുന്നു. | വർഷം മുഴുവൻ | വായനയിൽ താൽപര്യം വർദ്ധിപ്പിക്കുന്നു. | |

| ക്രമ നമ്പർ | പ്രവർത്തന പരിപാടിയുടെ പേര് | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലയളവ് | പ്രതീക്ഷിക്കുന്ന നേട്ടം | സാമ്പത്തിക സ്രോതസ്സുകൾ. |
|---|---|---|---|---|---|
| | | മികച്ചതിന് സമ്മാനം നൽകുന്നു. ഓരോ ക്ലാസ്സിലും മികച്ച വായനക്കാരെ കണ്ടെത്തുന്നു. വർഷാവസാനം സമ്മാനം നൽകുന്നു. | വർഷാവസാനം | | അധ്യാപകർ |
| 5 | "അമ്മ വായന" | അമ്മമാർക്ക് പുസ്തകം നൽകുന്നു. വായിച്ച കഥ CPTA യിൽ പറയാൻ അവസരം നൽകുന്നു. സമ്മാനം നൽകുന്നു. | CPTA നടക്കുമ്പോൾ (ഓരോ മാസവും) | | അധ്യാപകർ |
| 6. | "ഒരു ദിവസം ഒരു വാക്ക്" One day One word. | ഒരു English word ഉം അർത്ഥവും നോട്ടീസ് board എഴുതുന്നു. അത് ഒരു നോട്ട് ബുക്കിൽ രേഖപ്പെടുത്തുന്നു. ഓരോ ആഴ്ചയുടെയും അവസാനം അത് എഴുതിപ്പിക്കുന്നു. വർഷാവസാനം test നടത്തുന്നു. വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | ഓരോ ദിവസവും വർഷാവസാനം | ഗ്രഹിക്കുന്നതിനോടൊപ്പം ഭാഷയോടുള്ള മെച്ചപ്പെടുത്തുന്നതിനും. | അധ്യാപകർ |